# MATHRUBHUMI

**Ernakulam got first place tourist arrivals. Trivandrum on second position**

**Date :** 8.3.2020 | **Edition : All Kerala** | **Page :** 5 | **Clip size (cm) : W:** 21 **H:** 8

---

# സഞ്ചാരികളുടെ വരവിൽ എറണാകുളം കുതിക്കുന്നു; തിരുവനന്തപുരം രണ്ടാമത്

**തിരുവനന്തപുരം** ▸ വർഷങ്ങളായി വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്ക് ഇഷ്ട വിനോദസഞ്ചാരകേന്ദ്രമാകുന്നത് എറണാകുളം ജില്ല. ഒരുകാലത്ത് സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമായിരുന്ന തിരുവനന്തപുരം രണ്ടുവിഭാഗങ്ങളിലും രണ്ടാമതാണിപ്പോൾ. പത്തുകൊല്ലത്തിനിടെ വിനോദസഞ്ചാരമേഖലയിൽ വൻകുതിപ്പാണ് എറണാകുളം നേടിയത്. 2017 വരെ ആഭ്യന്തരസഞ്ചാരികളുടെ വരവിൽ തൃശ്ശൂർ ജില്ലയായിരുന്നു രണ്ടാമത്. രണ്ടുകൊല്ലമായി ഈസ്ഥാനം തിരുവനന്തപുരത്തിനാണ്. വിമാനസർവീസ് ഉൾപ്പടെ യാത്രാസൗകര്യം കൂടുതലാണെന്നതാണ് കൊച്ചിയെ സഞ്ചാരികൾക്ക് പ്രിയപ്പെട്ടതാക്കുന്നത്.

| വിദേശസഞ്ചാരികൾ | | |
|---|---|---|
| വർഷം | എറണാകുളം | തിരുവനന്തപുരം |
| 2017 | 4,53,973 | 4,20,719 |
| 2018 | 4,88,175 | 3,42,761 |
| 2019 | 5,22,232 | 3,10,451. |

| ആഭ്യന്തരസഞ്ചാരികൾ | | |
|---|---|---|
| വർഷം | എറണാകുളം | തിരുവനന്തപുരം |
| 2018 | 34,46,889 | 27,12,387 |
| 2019 | 40,60,134 | 30,38,167 |
| 2019 | 5,22,232 | 3,10,451. |

കൂടുതൽ യു.കെ.യിൽനിന്ന് കഴിഞ്ഞ വർഷം ബ്രിട്ടനിൽനിന്നാണ് കൂടുതൽ സഞ്ചാരികൾ കേരളത്തിലെത്തിയത്. 1,86,085 പേർ.

2018 -ൽ ഇത് 2,01,258 ആയിരുന്നു. പ്രളയവുംനിപയുമാണ് സഞ്ചാരികളുടെ വരവ് കുറയാനിടയാക്കിയത്. യു.എ.ഇ.യിൽനിന്ന് 2019 -ൽ 1,09,859 പേരാണ് എത്തിയത്. 2018 -ൽ ഇത് 96,552 ആയിരുന്നു.

തമിഴ്നാട്ടിൽനിന്ന് 17,41,168 പേരും, കർണാടകയിൽനിന്ന് 11,32,245 പേരും എത്തിയതായാണ് കണക്ക്.